**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5485** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് നൈപുണി പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തും പ്ലേസ്മെന്റ് ലഭ്യമാക്കുന്നുണ്ട്. വിവര സാങ്കേതികവിദ്യ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഐ.റ്റി.ഐ എന്നീ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2019-20 വർഷത്തിൽ 72 കോഴ്സുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5051 പേരുടെ പരിശീലനത്തിന് അനുമതി നൽകുകയും, 1786 പേർ നിലവിൽ പരിശീലനം പൂർത്തിയാക്കിയതിൽ 405 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൂതന തൊഴിൽ മേഖലകളിൽ പരിശീലനം നൽകി 2016-17 മുതൽ 2019-20 വരെ 2990 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 22 പേർക്ക് വിദേശ രാജ്യങ്ങളിലാണ് ജോലി ലഭ്യമായിട്ടുള്ളത്. ഇതിനുപുറമെ സ്വകാര്യ തൊഴിൽ മേഖലയിൽ തൊഴിൽ ദാതാക്കൾക്ക് ആവശ്യമുള്ള രീതിയിൽ പരിശീലനം നൽകി തൊഴിൽ അവസരം ഉറപ്പാക്കാൻ വെർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചിന്റെ പ്രവർത്തനം കേരള ഡവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC)എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | ഈ പദ്ധതി പ്രകാരം ഓരോ വർഷവും 1000ത്തോളം പട്ടികജാതി പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | തൊഴിൽ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ കോവിഡ് വ്യാപനം പ്രസ്തുത പരിശീലന പദ്ധതികളെ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ